

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 10. കർഷകസമരം

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

10 കർഷകസമരം . . . . . . . . . . . . . . . . . . . . . . . . 1

# 10

## കർഷകസമരം

കേരള കർഷകസംഘത്തിന്റെ തീരുമാനമനുസരിച്ച് എല്ലാ ജില്ലാതലസ്ഥാനങ്ങളിലും ദിവസേന നൂറുക്കണക്കിൽ കൃഷിക്കാർ സമരം ചെയ്ത് അറസ്റ്റ് വരിച്ചുകൊണ്ടിരിക്കുകയാണ്. കൂടിയാലോചനകളിലൂടെ പ്രശ്നം പരിഹരിക്കാനുള്ള എല്ലാ വാതിലുകളും അടഞ്ഞതിനു ശേഷമാണ് അവർ സമരമാരംഭിച്ചത്. അവരുന്നയിച്ച പതിനേഴ് അടിയന്തിരാവശ്യങ്ങൾ അന്യായമാണെന്നോ രാജ്യത്തിന്റെ താൽപ്പര്യങ്ങൾക്കെതിരാണെന്നോ സങ്കരഗവൺമെന്റിലെ മന്ത്രിമാർക്കുപോലും പറയാനാവില്ല. കർഷകസംഘത്തിന്റെ നേതാക്കന്മാർ മിക്കവരും കമ്യൂണിസ്റ്റ്കാരാണെന്നുള്ളത് ശരിയാണ്. പക്ഷേ, സംഘം ഉന്നയിച്ച ആവശ്യങ്ങളാണ്. അതുകൊണ്ടുതന്നെയാണ് കോൺഗ്രസ്സുകാരെന്നോ, കമ്യൂണിസ്റ്റ്കാരെന്നോ വ്യത്യാസമില്ലാതെ പതിനായിരക്കണക്കിലുള്ള കൃഷിക്കാർ എന്തുത്യാഗം ചെയ്യാനും സന്നദ്ധരായിക്കൊണ്ട് സമരരംഗത്തിലിറങ്ങിയിട്ടുള്ളത്. അറസ്റ്റുകളും ഭീഷണികളും സമരത്തെ തണുപ്പിയ്ക്കാനല്ല, മൂർച്ഛിപ്പിക്കാൻ മാത്രമാണ് സഹായിച്ചുകൊണ്ടിരിയ്ക്കുന്നത്. ദിവസം ചെല്ലുന്തോറും സമരം പടർന്നുപിടിച്ചുകൊണ്ടിരിയ്ക്കുകയാണ്.

ഇത്തരമൊരു സമരം അഴിച്ചുവിടാതെ തന്നെ പ്രശ്നം പരിഹരിയ്ക്കാൻ ഗവൺമെന്റിന്നു വേണമെങ്കിൽ സാധിയ്ക്കുമായിരുന്നു. പക്ഷേ, അതല്ല അവർ ചെയ്തത്. കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടത്തിന്ന് ഔപചാരികമായ ഒരു മറുപടി നൽകാൻ പോലും അവർ തയ്യാറായില്ല. നേരെ മറിച്ച് മർദ്ദനങ്ങളഴിച്ചുവിട്ടുകൊണ്ടും ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിക്കൊണ്ടും സമരത്തെ പരാജയപ്പെടുത്താൻ കഴിയുമെന്നാണ് അവരിപ്പോഴും കരുതുന്നത്. കൃഷിക്കാരുടെ അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള സമരം ഗവൺമെന്റിനെ അട്ടിമറിയ്ക്കാനുള്ള ഒരു രാഷ്ട്രീയസമരമാണത്രേ! രേഖയില്ലാത്ത കുടിയാന്മാർക്കു രേഖയുണ്ടാക്കിക്കൊടുക്കുകയോ മേൽച്ചാർത്തവസാനിപ്പിക്കുകയോ കൂടുതൽ ലാൻഡ് ട്രൈബ്യൂണലുകൾ തുറക്കുകയോ ചെയ്താൽ ഗവൺമെന്റ് അട്ടിമറിഞ്ഞു പോകുന്നതെങ്ങിനെയാണ്? രാഷ്ട്രീയസമരം എന്നൊരു വാക്കുരുവിട്ടാൽ ഇന്നത്തെ ഗവൺമെന്റ് നിലനിൽക്കണമെന്നാഗ്രഹിക്കുന്ന കൃഷിക്കാരും, ഗവൺമെന്റു മാറിക്കാണണമെന്നാഗ്രഹിക്കുന്ന കൃഷിക്കാരും രണ്ടു ചേരിയായി പിളർന്നുപോകുമെന്ന് അവർ വ്യാമോഹിക്കുന്നുണ്ടാവാം. ഇതാണ് അവരുടെ യഥാർത്ഥോദ്ദേശമെന്ന് കർഷകസമരത്തെ എതിർത്തുകൊണ്ടുള്ള കെ.പി.സി.സി സെക്രട്ടറി ശ്രീ. സ്റ്റീഫന്റെ പ്രസ്താവന വ്യക്തമാക്കുന്നുമുണ്ട്. അദ്ദേഹം പറയുന്നു:

> "കമ്യൂണിസ്റ്റുകളും കമ്യൂണിസ്റ്റിതരരും എന്നുള്ള വിരുദ്ധ ചേരികളിലേയ്ക്ക് ജനങ്ങൾ ബോധപൂർവം തിരിഞ്ഞുമാറുകയും കമ്യൂണിസ്റ്റേതരമായ എല്ലാ ശക്തികളും ഇന്നത്തെ ഐക്യകക്ഷി ഗവൺമെന്റ് പ്രതിനിധാനം ചെയ്യുന്ന ദേശീയജനാധിപത്യചേരിയിൽ അണിനിരന്നുകൊണ്ട് വിമോചനസമരകാലത്തെ മനോഭാവത്തോടുകൂടിത്തന്നെ കമ്യൂണിസ്റ്റ് പാർട്ടിയെ നേരിടുകയും ചെയ്യണം എന്നതാണ് ഇന്നത്തെ ചരിത്രപരമായ കടമ".

പക്ഷേ, കമ്യൂണിസ്റ്റ്വിരോധം ഊതിവീർപ്പിച്ചുകൊണ്ട് കൃഷിക്കാരെ ഭിന്നിപ്പിച്ചുനിർത്തുകയും അങ്ങിനെ ജനങ്ങളെ ചൂഷണം ചെയ്തുമുടിക്കുന്ന വൻകിടജന്മികളുടെ സ്ഥാപിതതാൽപ്പര്യങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യുന്ന ഈ പുതിയ അടവ് കേരളത്തിലിനി വളരെയൊന്നും ഫലിക്കുമെന്നു തോന്നുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ കൃഷിക്കാർക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ അത്ര വിലപിടിച്ചവയാണ്.

ജന്മിമേധാവിത്വത്തിന്നെതിരായ സമരം പഞ്ചവത്സരപദ്ധതിയെ അപകടത്തിലാക്കുമെന്ന വാദമാണ് ഏറ്റവും അപഹാസ്യമായിത്തോന്നുന്നത്. വ്യവസായവൽക്കരണവും കാർഷികപരിഷ്കാരങ്ങളുമാണല്ലോ പഞ്ചവത്സര പദ്ധതിയുടെ മർമ്മപ്രധാനമായ ഭാഗങ്ങൾ. ഈ രണ്ടു ഭാഗങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താൻതന്നെ കാർഷിക പരിഷ്കരണം ആവശ്യമാണെന്നും നമ്മുടെ സാമ്പത്തികാസൂത്രണവിദഗ്ദ്ധന്മാരെല്ലാം സമ്മതിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടാണ് എല്ലാ സ്റ്റേറ്റുകളിലും കാർഷിക പരിഷ്കാരങ്ങൾ താമസം വിനാ നടപ്പിലാക്കുമെന്ന് പ്ലാനിങ്ങ് കമ്മീഷൻ കൂടെക്കൂടെ ആഹ്വാനം ചെയ്യുന്നത്. പക്ഷേ, കേരളത്തിലെ ഭരണകക്ഷിത്തലവന്മാരുടെ അഭിപ്രായത്തിൽ കാർഷികപരിഷ്കരണം നടപ്പിലാക്കിയാലാണ് പഞ്ചവത്സരപദ്ധതി അപകടത്തിലാവുക! യഥാർത്ഥത്തിൽ, കേരള അസംബ്ലി പാസ്സാക്കിയ കാർഷിക ബന്ധനിയമത്തിലെ വകുപ്പുകൾ നടപ്പിൽവരുത്തിക്കിട്ടാൻ വേണ്ടി സമരം നടത്തുന്ന കൃഷിക്കാരല്ല, അവരുടെ സമരത്തെ എതിർക്കുന്നവരാണ് സാമ്പത്തിക വികസനപദ്ധതിയുടെ ശത്രുക്കളെന്ന് ഇപ്പോൾ വ്യക്തമാകുന്നു.

കൃഷിക്കാരുടെ പ്രശ്നം പരിഹരിച്ചു നാട്ടിൽ സമാധാനപരമായ ഒരന്തരീക്ഷം നിലനിർത്താൻ ഗവൺമെന്റിനാഗ്രഹമുണ്ടെങ്കിൽ ഇനിയും സമയം വൈകിയിട്ടില്ല. ആയിരക്കണക്കിലുള്ള കൃഷിക്കാരെ ജയിലിലടച്ച് സമരം മൂർച്ഛിപ്പിക്കുന്നതിനു പകരം കർഷകനേതാക്കന്മാരുമായി കൂടിയാലോചന നടത്തുവാനും കൃഷിക്കാരുടെ ന്യായമായ ആവശ്യങ്ങളെല്ലാമനുവദിച്ചുകൊടുത്തു ഒരൊത്തുതീർപ്പുണ്ടാക്കാനുമാണ് അവർ മുന്നോട്ടു വരേണ്ടത്. അതാണന്തസ്സ്.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014